## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **09-12-2022 - ൽ മറുപടിയ്ക്ക്**

## പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പൂഞ്ഞാർ മണ്ഡലത്തിൽ ആകെ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്തവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>പൂഞ്ഞാർ മണ്ഡലത്തിൽ ആകെ 10 കൃഷിഭവനുകളാണുള്ളത്. അതിൽ 9 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന കെട്ടിടങ്ങളിലും ഒരെണ്ണം സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു.</td></tr>
<tr><td>(ബി)</td><td>കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;</td><td>(ബി)</td><td>കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, സ്മാർട്ട് കൃഷിഭവൻ പദ്ധതി, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതി തുടങ്ങിയവ നിലവിലുണ്ട്. പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിഭവനുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>പൂഞ്ഞാർ കൃഷി ഭവൻ</td><td>ഫർണിച്ചർ വാങ്ങുന്നതിന്</td><td>1,00,625/- രൂപ</td></tr>
<tr><td rowspan="2">തീക്കോയി കൃഷി ഭവൻ</td><td>ഇൻവെർട്ടർ, വാങ്ങുന്നതിന്</td><td>30,000/- രൂപ</td></tr>
<tr><td>ലാപ്ടോപ്പ്</td><td>50,000/- രൂപ</td></tr>
<tr><td>ഈരാറ്റുപേട്ട കൃഷി ഭവൻ</td><td>അടിസ്ഥാന സൗകര്യ വികസനം</td><td>3,00,000/- രൂപ</td></tr>
</table></td></tr>
<tr><td>(സി)</td><td>മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?</td><td>(സി)</td><td>പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ